പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3741 23.08.2017 ൽ മറുപടിയ്ക്ക്

## കളിസ്ഥലങ്ങളുടെ വികസനത്തിന് ധനസഹായം

ചോദ്യം

ശ്രീ.സി. കെ. ശശീന്ദ്രൻ

മറുപടി

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും കളിസ്ഥലങ്ങളുടെ വികസനത്തിനും കായിക പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം അനുവദിക്കുന്ന ഏതെങ്കിലും പദ്ധതികൾ കായികവകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ; | എ) | സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും കളിസ്ഥലങ്ങളുടെ വികസനത്തിനായി ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലില്ല. അതേസമയം അംഗീകൃത സ്പോർട്സ് ക്ലബ്ബുകൾ, സ്പോർട്സ് അസോസിയേഷനുകൾ, സർക്കാർ/എയ്ഡഡ് സ്കൂളുകൾ എന്നിവയ്ക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. |
| ബി) | ഉണ്ടെങ്കിൽ ഒരു അദ്ധ്യയനവർഷത്തിൽ എത്ര രൂപ വരെ ധനസഹായം അനുവദിക്കുന്നുണ്ടെന്ന് അറിയിക്കുമോ? | ബി) | 15.06.2013 ലെ സ.ഉ (കൈ) നം.09/13/കാ.യു.വ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും അനുവദിക്കുന്ന തുക സംബന്ധിച്ചും തീരുമാനിക്കുന്നത്. |

സെക്ഷൻ ഓഫീസർ